15. 05. 2019

മലയാള മനോരമ

ESTABLISHED 1888

കൊല്ലം
16 പേജ്
₹ 6.00
***

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | മംഗളൂരു | ബഹ്റൈൻ | ദുബായ് | ദോഹ ISSN-0972-0022 www.manoramaonline.com



# മാലിന്യ കൂമ്പാരത്തിൽ നിന്ന് രക്ഷിച്ച ആളെ ഗാന്ധിഭവൻ ഏറ്റെടുത്തു

പത്തനംതിട്ട ● പാലത്തിനടിയിലെ മാലിന്യ കൂമ്പാരത്തിൽ നിന്ന് ആരോഗ്യവിഭാഗം ജീവനക്കാർ കണ്ടെത്തിയ ആളെ ഗാന്ധിഭവൻ ഏറ്റെടുത്തു. പാലക്കാട് വടക്കാഞ്ചേരി മൂലംകോട് സ്വദേശി രാജനെ (57) ആണ് ഏറ്റെടുത്തത്. തിരുവല്ല നഗരസഭയിൽ എം.സി റോഡ് കടന്നുപോകുന്ന മഴുവഞ്ചേരി പാലത്തിനു ചുവട്ടിൽ കുന്നുകൂട്ടിയ മാലിന്യ ശേഖരത്തിൽ നിന്നാണ് മുട്ടോളമെത്തുന്ന ജഡ പിടിച്ച മുടിയുമായി ആരോഗ്യ വിഭാഗം ജീവനക്കാരായ ജെ.എച്ച്.ഐ ജി.എച്ച് ദേവസേനനും ധന്യമോഹനൻ കടയ്ക്കാടും ഇയാളെ കണ്ടെത്തുന്നത്.

വളരെയേറെ മാലിന്യം പാലത്തിനടിയിൽ കുമിഞ്ഞുകൂടിയതായി നാട്ടുകാരിലാരോ വിവരമറിയിച്ചതനുസരിച്ച് നടത്തിയ പരിശോധനയിലാണ് ഇവിടെ മാലിന്യകൂമ്പാരവും അതിനിടയിൽ ചുരുണ്ടുകൂടി കിടക്കുന്ന വയോധികനെയും കാണുന്നത്.

ശുചീകരണ തൊഴിലാളികളെയെത്തിച്ച് മാലിന്യം നീക്കാൻ തുടങ്ങവെ ഇയാൾ എതിർക്കുകയും അത് മറ്റ് ഭാഗത്തേക്ക് വലിച്ചു നീക്കുകയും ചെയ്തു. ഇതോടെ രാജനെ അവിടെ നിന്നും മാറ്റാനുള്ള ശ്രമം ആരംഭിച്ചു. വിവരം അറിഞ്ഞ നഗരസഭാ സെക്രട്ടറി എസ്. ബിജു ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജനുമായി ബന്ധപ്പെട്ടതിനെ തുടർന്ന് കഴിഞ്ഞ ദിവസം ആരോഗ്യവിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ രാജനെ ഗാന്ധിഭവനിൽ എത്തിച്ചു.

ഏഴ് വർഷമായി രാജൻ തിരുവല്ലയിൽ എത്തിയിട്ട്.

ആദ്യകാലങ്ങളിൽ പാഴ്വസ്തു ശേഖരണത്തിനു ശേഷം രാത്രിയിൽ കടത്തിണ്ണകളിലായിരുന്നു ഉറക്കം. സാമൂഹികവിരുദ്ധ ശല്യം കൂടിയതിനാൽ പൊലീസിന്റെ പരിശോധന വർധിച്ചു. ഇതോടെ പലരാത്രികളിലും ഉറക്കം നഷ്ടമായി.

അങ്ങനെ കണ്ടെത്തിയ മാർഗമാണ് മഴുവഞ്ചേരി പാലത്തിനടിയിലെ താമസം. വെള്ളത്തിന്റെ ശല്യം കാര്യമായി ഇല്ലാത്തതിനാൽ സുഖമായി ഉറങ്ങുവാനും പാഴ്വസ്തുക്കൾ ശേഖരിച്ച് വിൽക്കുവാനും കഴിയും. ഇങ്ങനെ കുന്നുകൂടിയ വസ്തുക്കളാണ് അവിടെ കണ്ടത്.



തിരുവല്ല മഴുവഞ്ചേരി പാലത്തിനടിയിലെ മാലിന്യ കൂമ്പാരത്തിനിടയിൽ നിന്നു കണ്ടെത്തിയ പാലക്കാട് വടക്കാഞ്ചേരി മൂലംകോട് സ്വദേശി രാജനെ(57) തിരുവല്ല നഗരസഭാ ആരോഗ്യ വിഭാഗത്തിന്റെയും പൊലീസിന്റെയും നേതൃത്വത്തിൽ പത്തനാപുരം ഗാന്ധിഭവൻ അധികൃതർക്ക് കൈമാറുന്നു.

വടക്കാഞ്ചേരി മൂലംകോട്ട് സ്വന്തം വീട്ടിലായിരുന്നു വാസം. ഒപ്പം അധ്യാപകനായ അമ്മാവനും. അദ്ദേഹത്തിന്റെ നിർദേശ പ്രകാരമാണ് രാജൻ മുടി നീട്ടിവളർത്തിത്തുടങ്ങിയത്. ആദ്യകാലങ്ങളിൽ കേശ സംരക്ഷണം ഇഷ്ടമായിരുന്നെങ്കിലും പിന്നീട് അതിൽ താൽപര്യമില്ലാതായതോടെ നീണ്ടുവളർന്ന മുടി ജഡപിടിച്ചു. ഇതിനിടെ ജോലി തേടി നാടുവിട്ടു. അങ്ങനെയാണ് തിരുവല്ലയിലെത്തുന്നത്.